# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.941** **30.11.2018 ലെ മറുപടി**

## തോട്ടപ്പള്ളി സ്പിൽവേയിലെ ഷട്ടറുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഹൈബി ഈഡൻ** | | **കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പമന്ത്രി)** | |
| (എ) | തോട്ടപ്പള്ളി സ്പിൽവേയിലെ ഷട്ടറുകൾ 2018 ആഗസ്റ്റിലുണ്ടായ പ്രളയത്തെ തുടർന്ന് എന്നാണ് ഉയർത്തിയതെന്ന് അറിയിക്കാമോ; | (എ) | തോട്ടപ്പള്ളി സ്പിൽവേയിലെ 40 ഷട്ടറുകളും വെള്ളപ്പൊക്കം ഉണ്ടാകുന്നതിന് മുമ്പ് തന്നെ 16.07.2018-ന് പരമാവധി ഉയർത്തിയിട്ടുള്ളതാണ്. ഇതിൽ ഒരു ഷട്ടറിന്റെ ഡി ഷാക്കിൾ (ചെയിനിന്റെ ഹുക്ക്) ഒടിഞ്ഞുപോയത് കാരണം ഷട്ടർ താഴുകയും 15.08.2018-ന് യന്ത്ര സഹായത്താൽ പ്രസ്തുത ഷട്ടർ പരമാവധി ഉയർത്തുകയും ചെയ്തു. ഒരു ഘട്ടത്തിലും ഷട്ടറുകളുടെ നിരപ്പിന് മുകളിൽ ജലം ഉയർന്നിട്ടില്ല. |
| (ബി) | പ്രസ്തുത സ്പിൽവേയിലെ ഷട്ടറുകൾ ഉയർത്തുന്നതിൽ എന്തെങ്കിലും കാലതാമസം ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | ഷട്ടർ ഉയർത്തുന്നതിൽ ഉണ്ടായ അനാസ്ഥയാണ് കുട്ടനാട്ടിലെ വെള്ളപ്പൊക്കം രൂക്ഷമാക്കിയതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയോ; അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**